**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആയുഷ് വകുപ്പിലെ മെഡിക്കൽ ഓഫീസർ നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആയുഷ് വകുപ്പിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്ന് എത്ര പേരെ നിയമിയിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയിൽ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും 92 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 02 പേർക്ക് കൂടി പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്.<br><br>ഹോമിയോപ്പതി വകുപ്പിൽ 80 പേരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; റാങ്ക് ലിസ്റ്റ് കാലാവധിക്കുള്ളിൽ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) | ഭാരതീയ ചികിത്സാ വകുപ്പിൽ നിലവിൽ 24 ഒഴിവുകളുണ്ട്. ആയതിൽ 12 ഒഴിവുകൾ സർവ്വീസ് ക്വാട്ടയിൽ പി.ജി ചെയ്യുന്ന മെഡിക്കൽ ഓഫീസർമാരുടേതാണ്. ഇവർക്ക് ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാൽ ടി ഒഴിവുകൾ പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സാധിക്കില്ല. നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 07.07.2023 തീയതിക്കുള്ളിൽ 55 ഒഴിവുകൾ കൂടി പ്രതീക്ഷിക്കുന്നു.<br><br>ഹോമിയോപ്പതി വകുപ്പിൽ നിലവിൽ 24 ഒഴിവുകളും വിരമിക്കൽ, സ്ഥാനക്കയറ്റം എന്നിവയിലൂടെ 47 പ്രതീക്ഷിത ഒഴിവുകളുമുണ്ട്. |

സെക്ഷൻ ഓഫീസർ